പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3311 — 24.02.2016-ലെ മറുപടിക്ക്

ബാലൻ എന്ന തടവുകാരന്റെ മരണം

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | മറുപടി<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| എ) 2014 മാർച്ച് 29-ാം തീയതി കോഴിക്കോട് ജില്ല ജയിലിൽ വച്ച് റിമാന്റ് തടവുകാരനായിരുന്ന ബാലൻ എന്നയാൾ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധമായ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. കോഴിക്കോട് ജില്ലാ ജയിലിലെ ന്യൂബ്ലോക്കിന്റെ മുകളിലെ 5-ാം നമ്പർ സെല്ലിൽ ആയിരുന്ന ബാലനെ പാർപ്പിച്ചിരുന്നത്. മുകളിലത്തെ സ്റ്റെയർകേസിന് സമീപമുള്ള ബാൽക്കണിയുടെ ആൾമറയിൽ കൈകുത്തി നിൽക്കവെ കൈതെറ്റി താഴേക്ക് വീണ് മരണപ്പെടുകയാണ് ഉണ്ടായത്. |
| ബി) മരണം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷനിൽ കേസ് ഉണ്ടാവുകയോ വിധിയുണ്ടാവുകയോ ചെയ്തിട്ടുണ്ടോ; | ബി) മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും, നഷ്ടപരിഹാരം നൽകാൻ ഉത്തരവായിട്ടുമുണ്ട്. |
| സി)ഉണ്ടെങ്കിൽ വിധിയുടെ ചുരുക്കം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | സി) നഷ്ടപരിഹാരമായി 3 ലക്ഷം രൂപ ടിയാന്റെ അവകാശികളായ പരാതിക്കാരനൾപ്പെടെയുള്ളവർക്ക് നൽകുന്നതിനും ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ ജയിലിൽ പാർപ്പിക്കുന്ന തടവുകാർക്ക് സംരക്ഷണവും സുരക്ഷിതത്വവും നൽകാൻ കെട്ടിടത്തിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി അപകടങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കാനും വിധിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| ഡി) വിധി പ്രകാരം ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുവാനുണ്ടോ; ഉണ്ടെങ്കിൽ ആയത് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | ഡി) ഉണ്ട്; നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ